# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727378, 04712727379 **email : obcdirectorate@gmail.com**

---

**BCDD/A3/ 974 /15(1)** തീയതി : 29.06.15

//ഭരണഭാഷ - മാതൃഭാഷ//

ഡയറക്ടർ

ഡയറക്ടർ
പൊതുവിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം:- പിന്നാക്ക സമുദായ വികസനം- ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(സാധാ) നം 51/2015/പിസവിവ തീയതി 29.06.2015
2) ഈ ആഫീസിലെ 29.06.2015 ലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ പ്രീമെട്രിക് വിദ്യാലയങ്ങളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണം പിന്നാക്ക സമുദായവികസന വകുപ്പിലേക്ക് മാറ്റിക്കൊണ്ടും ഓൺലൈനായി വിതരണം ചെയ്യുന്നതിന് അനുവദിച്ച്കൊണ്ടും സൂചന (1) ലൂടെ ഉത്തരവായിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെയും പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റ് മുഖേന പിന്നാക്ക സമുദായ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം ഓരോ സ്ഥാപനത്തിലേയും വിദ്യാർത്ഥികൾക്ക് ആവശ്യമായ തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതാണ്.

പ്രധാനാധ്യാപകരും, ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ എന്നിവരും ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐഡി, പാസ് വേർഡ് എന്നിവ സമ്പൂർണ്ണതയിലേത് തന്നെയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് ഈ ആഫീസിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചന 1 ,2 എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ചേർക്കുന്നു. ആയവ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും, എല്ലാ ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലേയും പ്രധാനാദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് താങ്കളുടേയും സഹപ്രവർത്തകരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാവണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ

പകർപ്പ് :

1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി. @ സ്കൂൾ (ഉപരിപത്രം സഹിതം)
2) എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, പിന്നാക്ക സമുദായ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

DESPATCHED 30/6/17